എ.പി കുഞ്ഞാമു

# വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങളും മതപഠനത്തിന്റെ പ്രശ്നങ്ങളും

**കേരളത്തിലെ** വിദ്യാഭ്യാസരംഗത്ത് പരിഷ്കരണങ്ങൾ വരുത്തുന്നതിനു വേണ്ട ശിപാർശകൾ സമർപ്പിക്കാൻ നിയുക്തരായ പുതിയ കരിക്കുലം കമ്മിറ്റിയും വിദ്യാഭ്യാസ പരിഷ്കരണ സമിതിയും 2008-'09 മുതൽ ചില പരിഷ്കാരങ്ങൾ നിർദേശിച്ചിരിക്കുകയാണല്ലോ. ഈ നിർദേശങ്ങൾ വ്യാപകമായ എതിർപ്പുകൾ ക്ഷണിച്ചുവരുത്തിയിട്ടുണ്ട്. സ്കൂൾ സമയം നേരത്തേ ആക്കണമെന്ന നിർദേശം മദ്റസാ പഠനത്തെ ദോഷകരമായി ബാധിക്കുമെന്ന മുസ്‌ലിം സംഘടനകളുടെ നിലപാടാണ് ഇവയിൽ പ്രധാനം. ചില മുസ്‌ലിംബുദ്ധിജീവികളും മതപണ്ഡിതരും തുടക്കത്തിൽ ഈ നിർദേശത്തെ സ്വാഗതം ചെയ്തിരുന്നുവെങ്കിലും പിന്നീട് മുസ്‌ലിം സംഘടനകൾ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും സാമുദായിക താൽപര്യം സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പരിഷ്കരണ നിർദേശങ്ങൾക്കെതിരിൽ രംഗത്തുവരികയും ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് മദ്റസാ പഠനം വീണ്ടും സജീവമായ ഒരു ചർച്ചാവിഷയമായി ഉയർന്നുവന്നത്. മദ്റസാ പഠനത്തിന്റെ പരിഷ്കരണവും പൊതുവിദ്യാഭ്യാസരംഗത്ത് ഉണ്ടാകുന്ന മാറ്റങ്ങൾ അതിനു മേൽ ചെലുത്തുന്ന ആഘാതങ്ങളും മുസ്‌ലിംസമുദായത്തിൽ, തന്മൂലം ഗൗരവപ്പെട്ട ആലോചനക്ക് നിമിത്തമായിരിക്കുന്നു.

മദ്റസാ പഠനത്തെ ദോഷകരമായി ബാധിക്കുമെന്നതിന്റെ പേരിൽ സ്കൂളുകളുടെ പ്രവർത്തന സമയമാറ്റത്തെ എതിർത്താൽ അത് പൊതുധാരയിൽനിന്നുള്ള ഒറ്റപ്പെടലായി വ്യാഖ്യാനിക്കപ്പെടുമോ എന്ന ആശങ്ക ചില മുസ്‌ലിം ബുദ്ധിജീവികൾക്കുണ്ട്. വെള്ളിയാഴ്ച അവധി, റമദാൻ കാലത്തെ അടച്ചിടൽ തുടങ്ങി മുസ്‌ലിം സ്കൂളുകൾക്കനുവദിച്ച 'പ്രത്യേകാവകാശങ്ങളെ'പ്പറ്റി പറയുമ്പോഴെല്ലാം ഈ ആശങ്ക ഉയർന്നുവരാറുണ്ട്. പൊതുവിദ്യാഭ്യാസധാരയിൽനിന്നുള്ള വേറിട്ടുനിൽക്കൽ അഭികാമ്യമല്ല എന്ന ചിന്തയാണ് ഈ ആശങ്കയുടെ അടിത്തറ. മദ്റസാ പഠനം ഇന്ന് നിലവിലുള്ള അളവിൽ ആവശ്യമില്ലെന്നും ഒഴിവുദിനങ്ങളിൽ ഏതാനും മണിക്കൂറുകൾകൊണ്ട് സാമാന്യമായ മതവിജ്ഞാനം നേടാൻ സാധിക്കുമെന്നും കരുതുന്ന പണ്ഡിതരുണ്ട്. ഇപ്പോഴത്തെ എല്ലാ ദിവസവും നടക്കുന്ന മതപഠനക്ലാസ്സുകൾ അവരുടെ സങ്കൽപത്തിലില്ല. മറിച്ച് മദ്റസാ പഠനം ശാസ്ത്രീയമാക്കിയാൽ വളരെ കുറഞ്ഞ മണിക്കൂറുകൾകൊണ്ട് സ്വായത്തമാക്കാവുന്നതേയുള്ളൂ മതപഠനം എന്നാണ് ഈ പണ്ഡിതന്മാർ പറയുന്നത്. ഈ രണ്ട് കൂട്ടരും അതിനാൽ ഇപ്പോഴത്തെ നിലയിലുള്ള മദ്റസാ പാഠ്യപദ്ധതിയിൽ മാറ്റമാകാമെന്ന് കരുതുന്നവരാണ്. പൊതുവിദ്യാഭ്യാസത്തിന് സമാന്തരമായ മതപഠന പദ്ധതി വേണ്ടെന്നാണ് ഈ വിഭാഗത്തിൽപെട്ട ആളുകളുടെ അഭിപ്രായം. ഈ അഭിപ്രായത്തിനു പിന്നിലുള്ളത് സ്വന്തമായി ചില പ്രത്യേകാവകാശങ്ങൾ നിലനിർത്തുന്നതിലുള്ള അധമബോധമാവാം, അല്ലെങ്കിൽ മതപഠനം അത്രക്കൊക്കെയേ വേണ്ടതുള്ളൂ എന്ന ചിന്തയാവാം. ഈ രണ്ട് അവസ്ഥകളും വിശദമായ പരിശോധന അർഹിക്കുന്നവയാണ്.

അതേസമയം മദ്റസാ പഠനത്തിന്റെ സമയത്തിൽ യാതൊരു മാറ്റവും പാടില്ലെന്ന കടുംപിടിത്തം പുലർത്തുന്നവരാണ് ഭൂരിപക്ഷം മതപണ്ഡിതരും. എന്നു മാത്രമല്ല മൊത്തം മുസ്‌ലിം സമൂഹത്തിന്റെ പൊതുവികാരവും അത്തരത്തിലാണ്. വിദ്യാഭ്യാസ പരിഷ്കാര കമ്മിറ്റിയുടെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനെതിരിൽ ശക്തമായി പ്രതികരിച്ചുകൊണ്ട് ജനങ്ങൾ രംഗത്തുവന്നത് ഈ വികാരത്തിന്റെ ഫലമായാവാം. എന്നാൽ ഇതിനകം മദ്റസാ പഠനത്തിന് പലേടത്തും സ്വാഭാവികമരണം സംഭവിച്ചുകഴിഞ്ഞു എന്നതാണ് വസ്തുത. ഒരു സർക്കാർ പദ്ധതിയുടെയും ഫലമായല്ല മദ്റസകൾ ആസന്നമരണാവസ്ഥയിലായത്. മറിച്ച് വിദ്യാഭ്യാസരംഗത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വൻതോതിൽ മുളച്ചുവന്നതോടെയാണ്. ഈ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അതിരാവിലെ പഠനമാരംഭിക്കുന്നവയാണ്. ഇത്തരം സ്ഥാപനങ്ങളിലേക്ക് കുട്ടികളെ കൊണ്ടുവിടാൻ വാഹനങ്ങളുണ്ടാവും. ഇവ ഗ്രാമപ്രദേശങ്ങളിൽനിന്നും മറ്റും വളരെ നേരത്തേ പുറപ്പെടും. പഴയ പോലെ ഒന്നാം ബെല്ലടിക്കുന്നതുവരെ മദ്റസയിൽ ദീനിയ്യാത്തും അമലിയ്യാത്തും പഠിച്ച ശേഷം ഓടിപ്പാഞ്ഞ് വിയർത്തൊലിച്ച് സയൻസും സോഷ്യൽ സ്റ്റഡീസും പഠിക്കാൻ സ്കൂളിലെത്തുന്ന കുട്ടികളുടെ തലമുറയല്ല ഇന്നുള്ളത്. സ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി മദ്റസാ പഠനം ഉപേക്ഷിച്ച തലമുറയാണ് ഇന്നത്തേത്. കേരളത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ- സ്റ്റേറ്റ് സിലബസ്സായാലും സി.ബി.എസ്.ഇ സിലബസ്സായാലും ശരി- പഠിക്കുന്ന കുട്ടികളാരും മദ്റസയിൽ പഠിക്കുന്നേയില്ല എന്ന് ഒരു കണക്കെടുത്തു നോക്കിയാൽ മനസ്സിലാവുന്നതേയുള്ളൂ. മുസ്‌ലിം മാനേജ്മെന്റുകൾക്ക് കീഴിലുള്ള സ്കൂളുകളുടെ സ്ഥിതിയും മറിച്ചല്ല. മദ്റസാ പഠനം ഇല്ലാതാവുകയാണ് വ്യാപകമായി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തുടങ്ങിയത് മൂലമുണ്ടായ ഒരു ഫലം; മുസ്‌ലിം മാനേജ്മെന്റുകൾക്ക് കീഴിലുള്ള സ്കൂളുകളിൽ കുട്ടികളെ ചേർത്താൽ മതപഠനവും ലഭ്യമാവും എന്നത് മാത്രമാണ് കുട്ടികൾ മതം പഠിക്കണമെന്ന് ആഗ്രഹിക്കുന്ന രക്ഷിതാക്കൾക്ക് ഒരേയൊരാശ്വാസം. എന്നാൽ മുസ്‌ലിം സ്വഭാവമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലല്ല വലിയൊരു ശതമാനം കുട്ടികളും പഠിക്കുന്നത്. അവർക്ക് മതപഠനം മദ്റസ വഴി ലഭിക്കുന്നേയില്ല. ഇപ്പോഴത്തെ അവസ്ഥയിൽ മദ്റസകൾ വഴിക്കുള്ള മതപഠനം മുസ്‌ലിം സമൂഹത്തിൽ ദുർബലമായിവരികയാണ്. പണച്ചെലവുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കാൻ ശേഷിയില്ലാത്ത രക്ഷിതാക്കൾ മാത്രമാണ്, തങ്ങളുടെ കുട്ടികളെ മദ്റസകളിലയക്കുന്നത്. മദ്റസാ പഠനം ഇപ്പോഴുള്ള തോതിൽ നിലനിർത്തണമെന്ന് ശാഠ്യം

പിടിക്കുന്നവരും മതപഠന സമ്പ്രദായങ്ങൾ പരിഷ്കരിക്കണമെന്നാവശ്യപ്പെടുന്നവരും ഒരേപോലെ മദ്റസകളുടെ സ്വാഭാവിക മരണത്തെക്കുറിച്ച് ആലോചിക്കാത്തവരാണ്. ഇപ്പോഴത്തെ അവസ്ഥയിലാണ് കാര്യങ്ങൾ നീങ്ങുന്നതെങ്കിൽ ഏതാനും കൊല്ലങ്ങൾക്കുള്ളിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള പ്രൈമറി വിദ്യാലയങ്ങൾ തീർത്തും ദുർബലമാവും, അവ ഇല്ലാതാവുക പോലും ചെയ്തേക്കാം; അതിനനുസൃതമായി മദ്റസാ പഠനവും ഇല്ലാതാവുമെന്നുറപ്പാണ്. മലയാള ഭാഷാപഠനം അഭിമുഖീകരിക്കുന്ന ദുഃസ്ഥിതിയും ഇതുതന്നെയാണ്.

ഇപ്പോൾതന്നെ മുസ്‌ലിം സമുദായത്തിലെ സമ്പന്ന വിഭാഗങ്ങളിൽ പെട്ടവരും വിദ്യാഭ്യാസമുള്ളവരുമായ രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നത് സാമാന്യേന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ്. സി.ബി.എസ്.ഇ സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്നവയാണ് ഇവയിൽ മിക്കവയും. ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ മദ്റസയുടെ പടി കടക്കുന്നില്ല. മദ്റസയിൽ പഠിക്കുന്നത് താരതമ്യേന സമൂഹത്തിന്റെ താഴേതട്ടിൽ കഴിയുന്നവരുടെ കുട്ടികളാണ്. ഉയർന്ന വിഭാഗത്തിൽപെട്ട കുട്ടികളെ 'മതം പഠിക്കാതെ ഡോക്ടറും എഞ്ചിനീയറു'മാവാൻ വിട്ടുകൊടുക്കുമ്പോൾ താഴേതട്ടിലുള്ളവരുടെ മതവിദ്യാഭ്യാസം മാത്രം സംരക്ഷിച്ചാൽ മതിയോ മുസ്‌ലിം സമൂഹം? മദ്റസാ സമയമാറ്റം എന്ന വിഷയം തന്നെ അപ്രസക്തമാവുന്ന തരത്തിലാണ് മദ്റസകളെ ആശ്രയിക്കുന്ന കുട്ടികളുടെ എണ്ണക്കുറവ്. ഈ അവസരത്തിൽ മതവിദ്യാഭ്യാസത്തിൽ തൽപരരായ ആളുകൾ വേണ്ടത് മതപഠനത്തിൽനിന്ന് അകറ്റപ്പെടുന്ന വരേണ്യവർഗത്തിന്റെ കാര്യത്തിൽ കൂടി ആശങ്കപ്പെടുകയാണ്. മതപഠനവും ധാർമികതയും സദാചാരവുമൊക്കെ താഴേ തട്ടിലുള്ളവർക്ക് മാത്രം കൊടുക്കേണ്ടതല്ല. ക്രീമിലെയറിന് ഇത്തരം 'അനാവശ്യ'ങ്ങളെയൊക്കെ ഒഴിവാക്കാൻ മതത്തിൽ വകുപ്പുണ്ടോ?

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുന്ന മതബോധമുള്ള രക്ഷിതാക്കൾ ഇസ്‌ലാമിക് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾവഴി ഈ പ്രശ്നം പരിഹരിക്കാമെന്ന് കരുതുന്നവരാണ്. ഇസ്‌ലാമിക സ്കൂളുകളിൽ മതപഠനമുണ്ട് എന്നാണവരുടെ ആശ്വാസം. പല മുസ്‌ലിം സ്കൂളുകളും അവയുടെ നിലവാരമില്ലായ്മക്കിടയിൽ പോലും പിടിച്ചുനിൽക്കുന്നത് ഇപ്പറഞ്ഞ മതപഠനത്തിന്റെ ആനുകൂല്യത്തിലാണ്. ഇത്തരം സ്ഥാപനങ്ങളിൽ മതപഠനം വേണ്ട തോതിൽ ലഭിക്കുന്നുവോ എന്ന കാര്യത്തിൽ പോലും നമുക്കുറപ്പില്ല. ഒപ്പം പഠന നിലവാരത്തിന്റെ കാര്യത്തിലും ഉറപ്പില്ല. മതപഠനമുണ്ട് എന്ന ഒറ്റക്കാരണത്താൽ മുസ്‌ലിം മാനേജ്മെന്റുകളുടെ കീഴിലുള്ള വേണ്ടത്ര നിലവാരമില്ലാത്ത സ്കൂളുകളെ ആശ്രയിക്കുകയോ മതപഠനം ഇല്ലാത്ത ഇതര സമുദായ മാനേജ്മെന്റുകളുടെ കീഴിലുള്ള ഉന്നത നിലവാരമുള്ള സ്കൂളുകളിൽ കുട്ടികളെ അയക്കുകയോ ചെയ്യുക എന്ന രണ്ടു വഴികളാണ് രക്ഷിതാക്കളുടെ മുമ്പാകെയുള്ളത്. മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തിയാൽ ഈ പ്രശ്നം ഒട്ടൊക്കെ പരിഹരിക്കപ്പെട്ടേക്കാം. കച്ചവടക്കണ്ണോടെ നടത്തുന്നവയാണ് മിക്ക 'മുസ്‌ലിം സ്ഥാപനങ്ങളും' എന്നതിനാൽ അതേക്കുറിച്ച് വലിയ പ്രതീക്ഷകൾ വെച്ചുപുലർത്തിക്കൂടാ. അതിനാൽ ഉന്നത നിലവാരമുള്ളതും മതപഠനം ലഭ്യമല്ലാത്തതുമായ ഇതര മതവിഭാഗക്കാരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള മുസ്‌ലിം കുട്ടികളുടെ തള്ളിക്കയറ്റത്തിനാണ് സാധ്യത ഏറെയും.

മതപഠനത്തിനു വേണ്ടി കുട്ടികളെ മുസ്‌ലിം സ്കൂളുകളിലേക്ക് അയക്കുന്നതുമൂലം മറ്റൊരു പ്രശ്നവുമുണ്ട്. മുസ്‌ലിം സ്കൂളുകളിൽ സ്വാഭാവികമായും മഹാഭൂരിപക്ഷവും മുസ്‌ലിം വിദ്യാർഥികളായിരിക്കും. അന്യമതക്കാർ ഇല്ല എന്നു പോലും പറയാം; വ്യത്യസ്ത സമുദായക്കാരുടെ ആഭിമുഖ്യത്തിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാവാൻ തുടങ്ങിയതോടെ ചെറുപ്പം മുതൽതന്നെ സ്വന്തം സമുദായത്തിന്റെ തുരുത്തിൽ കുട്ടികൾ ഒറ്റപ്പെടുകയാണ് ചെയ്യുന്നത്. സർക്കാർ സ്കൂളുകളെപ്പറ്റി എന്തൊക്കെ കുറ്റം പറയാനുണ്ടെങ്കിലും നമ്മുടേതുപോലെയുള്ള ഒരു ബഹുമത-സമുദായ സമൂഹത്തിൽ വിവിധ വിഭാഗങ്ങൾ തമ്മിൽ ഇടപഴകാനും പൊതു ഇടം പങ്കുവെക്കാനുമുള്ള സാധ്യത അതുണ്ടാക്കിയിരുന്നു. വിവിധ മതക്കാർ തമ്മിലുള്ള അകൽച്ച കുറക്കാൻ അത് സഹായകമാകുമായിരുന്നു. മുസ്‌ലിം മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിൽ, ബഹുഭൂരിപക്ഷം മുസ്‌ലിം കുട്ടികൾക്കിടയിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഇതര സമൂഹങ്ങളെക്കുറിച്ച് അറിയാനുള്ള അവസരം താരതമ്യേന കുറവാണ്. അവർ എങ്ങനെ മറ്റുള്ളവരുമായി പൊതു ഇടം പങ്കുവെക്കും? മതപഠനത്തിനുവേണ്ടി മുസ്‌ലിം സ്ഥാപനങ്ങളെ ആശ്രയിക്കുന്ന കുട്ടികൾക്ക് വലിയൊരു നഷ്ടമാണ് സംഭവിക്കുന്നത്. സർക്കാർ സ്കൂളുകളുടെ തകർച്ച ഉണ്ടാക്കിയ ഏറ്റവും വലിയ ദുരന്തമാണിത്.

മദ്റസാ പഠനവുമായി ബന്ധപ്പെട്ട ചർച്ചകൾക്കിടയിൽ ഇത്തരം പല പ്രശ്നങ്ങളും ആലോചിക്കേണ്ടതുണ്ട്. പഴയകാലത്ത് മുസ്‌ലിം സമൂഹത്തിൽ മതമൂല്യങ്ങൾ വേരൂന്നിയത് മദ്റസാ പഠനത്തിലൂടെ മാത്രമല്ല; മതാചാരങ്ങൾ വഴി കൂടിയാണ്. ദർസുകളും പള്ളികളിൽ മതപ്രസംഗങ്ങളുമൊക്കെ സാധാരണമായിരുന്നു. ഇത്തരം മതപ്രസംഗങ്ങളിൽ (വഅ്ള്, ഉറുദി)നിന്ന് ഇസ്‌ലാമിക മൂല്യങ്ങളെയും സംസ്കൃതിയെയും ചരിത്രത്തെയും കുറിച്ച് പല അറിവുകളും മുസ്‌ലിംകൾക്ക് ലഭിക്കുകയും അതൊരു ഈടുവെപ്പായി അവശേഷിക്കുകയും ചെയ്തു. മുസ്‌ലിം മതവ്യക്തിത്വം രൂപപ്പെട്ടത് ഇവയൊക്കെ പ്രസരിപ്പിച്ച ഊർജബലം കൊണ്ടുകൂടിയാണ്; കൃത്യമായ മതവിദ്യാഭ്യാസമില്ലാത്ത ഹിന്ദുക്കളിൽ മിത്തുകളും കഥകളും ചെയ്യുന്നതെന്തോ, അതാണ് ഈ ഈടുവെപ്പുകൾ നിറവേറ്റുന്ന ദൗത്യം. ഇന്ന് ഈ രീതിയിലുള്ള ഊർജപ്രസരണം ഇല്ലാതായി വരികയാണ്. പകരം 'ശാസ്ത്രീയമിയ പരിഷ്കരിച്ച' മതപഠനത്തിലൂടെ അവർക്ക് ലഭിക്കുന്നത് മതാനുഷ്ഠാനങ്ങൾക്കും കർമങ്ങൾക്കും ആവശ്യമായി വരുന്ന പരിശീലനം മാത്രമായിരിക്കും. മതപഠനം ഈ രീതിയിൽ 'ശാസ്ത്രീയ'വും 'വ്യവസ്ഥാപിത'വുമാകുമ്പോൾ അതിന് ചില സംസ്കാരമുദ്രകൾ നഷ്ടപ്പെടുന്നുണ്ട്. ദർസുകളും മതപ്രസംഗങ്ങളും മറ്റും മുസ്‌ലിം സമൂഹത്തിനു നൽകിയ മുദ്രകളാണിവ. ഈ നഷ്ടം നികത്താൻ പുതിയ പാഠ്യപദ്ധതി മതിയാവുമോ എന്നും ആലോചിക്കേണ്ടതുണ്ട്.

മതപഠനവുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും തന്നെ, മുസ്‌ലിം സമൂഹത്തിന്റെ മുൻഗണനകൾ മാറിവരുന്നതിനെപ്പറ്റി കാര്യമായാലോചിക്കുന്നില്ല. സർക്കാർ വിദ്യാലയങ്ങൾ പോലെ ദരിദ്രരുടേതും താഴെ തട്ടിലുള്ളവരുടേതും മാത്രമായി മദ്റസകൾ മാറിക്കഴിഞ്ഞു. വരേണ്യവർഗം അവ കൈയൊഴിച്ചുകഴിഞ്ഞു. ഇനിയും ബാക്കിയുള്ള മദ്റസാ പഠനം കൂടി കാലാന്തരത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വേലിയേറ്റത്തിൽ ഇല്ലാതാവുകയും ചെയ്യും. മദ്റസാ പഠനത്തിന്റെ സമയം മാറ്റരുതെന്ന് പറയുന്നവരും, പൊതു വിദ്യാഭ്യാസമണ്ഡലത്തിന്റെ ആവശ്യത്തിനനുസരിച്ച് മദ്റസാ പഠനത്തിന് ശാസ്ത്രീയതയുണ്ടാക്കിയാൽ പ്രശ്നങ്ങളെല്ലാം പരിഹരിക്കാമെന്ന് പറയുന്നവരും ഒരു കാര്യം മറക്കരുത്- വൈകാതെത്തന്നെ വിഷയമേ അല്ലാതായിത്തീരുന്ന ഒരു 'വിഷയ'ത്തെച്ചൊല്ലിയാണ് അവരുടെ ചർച്ചയും ആധിയും. ഇതു മനസ്സിലാക്കിക്കഴിഞ്ഞാൽ മാത്രമേ യഥാർഥ പ്രശ്നത്തെ അഭിമുഖീകരിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ■